വുമായി ബന്ധം വിച്ഛേദിച്ച് അദ്ദേഹം എന്തുകൊണ്ട് ഈ ദരിദ്രരാജ്യത്തിന്റെ പൗരത്വം സ്വയം വരിച്ചു. ഇതിനും അദ്ദേഹത്തിന് ഉത്തരമുണ്ടായിരുന്നു: 'സാമ്പത്തികമായി ദരിദ്രമെങ്കിലും ആധ്യാത്മികമായി സമ്പന്നമാണ് ഇന്ത്യ. ഇന്ത്യയിലെ സാധാരണ ജനങ്ങളിലുള്ളതുപോലെ വിശുദ്ധവും അകൃത്രിമവുമായ മതബോധം യൂറോപ്പിൽ കാണുക പ്രയാസം. ഇന്ത്യയെ മാതൃഭൂമിയായി വരിച്ചതിൽ എനിക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല; നേട്ടം ഉണ്ടുതാനും.'

ക്രിസ്തുമതം പ്രചരിപ്പിക്കുന്നതാണ് തന്റെ ജീവിതദൗത്യമെന്ന് ബുൽക്കേ വിശ്വസിച്ചിരുന്നു. ഇന്ത്യയിൽ ക്രിസ്തുസന്ദേശം പ്രബോധനം ചെയ്യുന്ന ഒരാരം ഇന്ത്യയിലെ, ജനകോടികളുടെ ആധ്യാത്മികതയുടെ സജീവ സ്രോതസ്സുകളുമായി ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. ഈ ബന്ധം സ്ഥാപിക്കുന്നതിന് ബുൽക്കേ തിരഞ്ഞെടുത്ത മാർഗമായിരുന്നു രാമായണ പഠനം. 'ഓരോ തവണയും രാമായണം പാരായണം ചെയ്യുമ്പോരം എനിക്കു കൂടുതൽകൂടുതൽ വെളിച്ചം കിട്ടുന്നു. ആ വെളിച്ചത്തിൽ ഞാൻ ക്രിസ്തുസന്ദേശം കൂടുതൽ മനസ്സിലാക്കുന്നു,' എന്ന് അദ്ദേഹം എന്നോടു പറഞ്ഞു.

വാർധക്യം അന്നുതന്നെ അദ്ദേഹത്തെ കീഴ്പ്പെടുത്താൻ തുടങ്ങിയിരുന്നു. കേഴ്വി കറവായതിനാൽ അദ്ദേഹം ശ്രവണസഹായി ഉപയോഗിച്ചിരുന്നു. തന്റെ ഇംഗ്ലീഷ്–ഹിന്ദി നിഘണ്ടുവിന്റെ ഒരു സംശോധിത സംസ്കരണം അന്ന് അദ്ദേഹം തയ്യാറാക്കിക്കൊണ്ടിരുന്നു. ബൈബിളിന്റെ വിവർത്തനവും പുരോഗമിച്ചിരുന്നു. 1982 ജൂലൈ മാസത്തിൽ ഈ വിവർത്തനം പൂർത്തിയാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. അതിനായി അദ്ദേഹം ദിവസേന ഒരു നിശ്ചിത സമയം ജോലി ചെയ്തു വന്നു. ഈ വിവർത്തനത്തിന്റെ ഏതാനും ഭാഗം ഇപ്പോരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ, തന്റെ അവസാനത്തെ ഈ മഹാപ്രയത്നം പൂർത്തിയാക്കാൻ, മൃത്യു അദ്ദേഹത്തെ അനുവദിച്ചില്ല.

കാമിൽ ബുൽക്കേയുടെ പ്രധാന സംഭാവനയായ 'രാമകഥ'യുടെ മലയാള വിവർത്തനം കേരള സാഹിത്യഅക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വിവർത്തിത ഗ്രന്ഥത്തിലൂടെ, മഹാനായ ഈ മതപ്രബോധകന്റെ പൈതൃകത്തിലൊരംശത്തിന് കേരളീയരും അവകാശികളായിത്തീർന്നിരിക്കുന്നു.

20 സെപ്റ്റംബർ, 1982

# 89. ഡോക്ടർ കെ. ഭാസ്കരൻനായർ

മലയാളം മാത്രം അറിയാവുന്നവർക്ക് ആധുനിക വിജ്ഞാനത്തിന്റെ വിശാല മേഖലകരം തികച്ചും അപ്രാപ്യങ്ങളായിരുന്ന ഒരു കാലത്താണ്, ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളുടെ ആദ്യ വർഷങ്ങളിൽ, ജീവശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കല്പനങ്ങരം പ്രപഞ്ചനം ചെയ്യുന്ന ഡോക്ടർ കെ. ഭാസ്കരൻനായരുടെ പ്രൗഢലേഖനങ്ങരം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയത്. വിഷയത്തിന്റെ പുതുമയും, പ്രതിപാദ്യത്തെപ്പറ്റി ലേഖകനുള്ള സർവങ്കഷവും സ്ഫുടവുമായ പരിജ്ഞാനവും, അദ്ദേഹത്തിന്റെ സമുന്നതമായ ഗൗരവബോധവും, സർവോപരി സുഘടിതസുന്ദരവും സമ്പന്നവുമായ ആ ഗദ്യശൈലിയും, എല്ലാം ഒത്തുചേർന്നപ്പോരം, വായനക്കാരിൽ വളരെ വലിയ ഒരു വിഭാഗം അദ്ദേഹത്തി

ന്റെ ആരാധകരായിത്തീരുവാൻ ഏറെയൊന്നും താമസമുണ്ടായില്ല. സാധാരണനിലയിൽ ഒരു ലേഖകനു് വളരെ വർഷങ്ങളിലെ നിരന്തര സാധനകൊണ്ടു മാത്രം എത്തിച്ചേരാൻ കഴിയുന്ന പ്രശസ്തിയുടെ അധിത്യകയിൽ ഏതാനും ലേഖനങ്ങളുടെ പ്രസിദ്ധീകരണംകൊണ്ടു മാത്രം ഡോക്ടർ ഭാസ്കരൻനായർ സ്വന്തമായ ഒരിരിപ്പിടം നേടിയെടുത്തതു് അങ്ങനെയാണു്. പിന്നീടു് ജീവിതാന്ത്യംവരെ അദ്ദേഹം ആ പ്രശസ്തി നിലനിർത്തുകയും ചെയ്തു.

തിരുവനന്തപുരത്തു് സയൻസ് കോളേജിലും മദ്രാസ് സർവകലാശാലയുടെ ജന്തുശാസ്ത്ര ലബോറട്ടറിയിലുംവെച്ചു് താൻ നിഷ്കർഷിച്ച പഠിക്കുകയും, പിന്നീടു് തിരുവനന്തപുരം സയൻസ് (ഇപ്പോഴത്തെ യൂണിവേഴ്സിററി) കോളേജിൽ വെച്ചു് നിരവധി ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്ത ജീവശാസ്ത്രത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല, അദ്ദേഹത്തിന്റെ താല്പര്യം. വിശാലമായ അർത്ഥത്തിൽ, മനുഷ്യന്റെ സാംസ്കാരിക ചരിത്രമായിരുന്നു ഡോക്ടർ ഭാസ്കരൻനായരുടെ പഠനവിഷയമെന്നു പറയാം. സ്പെൻഗ്ലർ ആവിഷ്കരിച്ചതും ടോയൻബി പുനഃസ്ഥാപിച്ചതുമായ മനുഷ്യസംസ്കാരത്തിന്റെ ചക്രനേമിക്രമം ഡോക്ടർ ഭാസ്കരൻനായരെ എന്നും ആകർഷിച്ചിരുന്നു. ഭൗതികാവശിഷ്ടങ്ങൾ വളരെയൊന്നും അവശേഷിപ്പിക്കാതെ, യൂറോപ്യൻ മൃഗീയതയുടെ ആക്രമണത്തിനു മുന്നിൽ തകർന്നടിഞ്ഞ മധ്യ—ദക്ഷിണ അമേരിക്കകളിലെ പ്രാചീന സംസ്കൃതികളെപ്പററി ഡോക്ടർ ഭാസ്കരൻനായർ ദശാബ്ദങ്ങൾക്കു മുമ്പു് എഴുതിയ ലേഖനങ്ങൾ ഇന്നും പലരുടെയും സ്മരണയിൽ പച്ച വിടാതെ നിലകൊള്ളുന്നുണ്ടായിരിക്കും. ഈ സംസ്കാരങ്ങൾക്കു് ആധ്യാത്മികമായ ഒരു വശമുണ്ടായിരുന്നുവെന്നും, ഭൗതികശാസ്ത്രങ്ങളുടെ മാർഗത്തിലൂടെയുള്ള അനുസന്ധാനത്തിനു് എക്കാലത്തും അപ്രാപ്യങ്ങളായ പ്രപഞ്ചത്തിന്റെ ചില നിഗൂഢരഹസ്യങ്ങളിലേക്കു് ഒരു ജനൽ തുറക്കുവാൻ അവ സമർത്ഥങ്ങളായിരുന്നുവെന്നും, അടുത്ത കാലത്തുകൂടിയും അദ്ദേഹം സുദൃഢമായി വിശ്വസിച്ചിരുന്നു.

ചരിത്രത്തിന്റെ ഇരുൾ മൂടിയ ഉള്ളറകളിലേക്കുള്ള ഈ തെളിഞ്ഞ വീക്ഷണമാണു് അമേരിക്കൻ ഐക്യനാടുകളെപ്പററിയും പടിഞ്ഞാറൻ ജർമനിയെപ്പററിയും അദ്ദേഹം എഴുതിയ പുസ്തകങ്ങളെ സാധാരണ യാത്രാവിവരണഗ്രന്ഥങ്ങളുടെ തലത്തിൽനിന്നു് ഉയർത്തിയും വേർതിരിച്ചും നിർത്തുന്നതു്. പാശ്ചാത്യ സഭ്യതയുടെ ബാഹ്യമായ ഐശ്വര്യത്തെ അടുത്തുചെന്നു് അനുഭവിച്ചറിയുകയും, ആ സഭ്യതയുടെ സവിശേഷോല്പന്നമായ ആധുനിക വിജ്ഞാനത്തിൽ അതലസ്പർശിയായ പാണ്ഡിത്യം ആർജിക്കുകയും ചെയ്ത ശേഷവും, അദ്ദേഹം കടുത്ത വിമർശനബുദ്ധിയോടെയാണു് ആ സഭ്യതയെ നിരീക്ഷിച്ചിരുന്നതു്. വ്യാവസായിക സഭ്യതയുടെ ഫലമായി പരിസ്ഥിതിയിൽ വന്നുചേരുന്ന മാലിന്യത്തെയും മനുഷ്യാത്മാവിൽ വളർന്നു മുററുന്ന അശാന്തിയെയും വളരെ വർഷങ്ങൾക്കു മുമ്പുതന്നെ അദ്ദേഹം കണ്ടറിഞ്ഞു വിവരിച്ചിരുന്നു. കഴിഞ്ഞ മഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ, 'സഭ്യതയിലെ പ്രതിസന്ധി' എന്ന തന്റെ അവസാന ലേഖനത്തിൽ മഹാകവി ടാഗോർ പാശ്ചാത്യസഭ്യതയുടെ ദുരന്തത്തെ സൂചിപ്പിച്ചുകൊണ്ടു്, താഴെ ചേർക്കുന്ന മഹാഭാരത പദ്യം ഉദ്ധരിക്കുകയുണ്ടായി:

'അധർമേ ണൈധതേ താവൽ
തതോ ഭദ്രാണി പശ്യതി
തതഃ സപത്നാൻ ജയതി
സമൂലസ്തു വിനശ്യതി.'

(അധർമംകൊണ്ട് ആദ്യമാദ്യം അഭിവൃദ്ധിയുണ്ടാകുന്നു. പിന്നീട് സുഖസമൃദ്ധി കൈവരുന്നു. അതിനു ശേഷം ശത്രുക്കളെ കീഴടക്കുന്നു. പക്ഷേ, ഒടുക്കം വേരോടു കൂടി നശിക്കുകയും ചെയ്യുന്നു). ആധുനികലോകത്തിന്റെ ഭൗതിക-വ്യാവസായിക സഭ്യതയുടെ ഭാവിയെപ്പററി ഡോക്ടർ ഭാസ്കരൻനായരുടെ ധാരണയും ഇതിൽനിന്നു വ്യത്യസ്തമായിരുന്നില്ല.

സയൻസിന്റെ നിരീക്ഷണപരീക്ഷണാധിഷ്ഠിതമായ സത്യാന്വേഷണസമ്പ്രദായത്തിന്റെ പരിമിതിയെപ്പററി ഡോക്ടർ ഭാസ്കരൻനായർ തികച്ചും ബോധവാനായിരുന്നു. ബഹിർമുഖമായ ഈ പഠനത്തിലൂടെ മനുഷ്യാത്മാവിന്റെ സനാതന സത്യങ്ങൾ അനാവരണം ചെയ്യുക അസാദ്ധ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. അന്തർമുഖങ്ങളായ വസ്തുതകൾ അന്തർമുഖമായ അന്വേഷണത്തിലൂടെയേ മനസ്സിലാക്കാനാവൂ. ആത്മജ്ഞാനം നേടിയ ഒരു സിദ്ധനെന്നു കരുതപ്പെട്ടിരുന്ന റിട്ടയേർഡ് ഡി.-എസ്. പി. കൃഷ്ണമേനോനെ കാണുന്നതിനു തിരുവനന്തപുരത്തു വന്ന പ്രശസ്ത ജീവശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സ്ലിയുമായി താൻ നടത്തിയ ഒരു കൂടിക്കാഴ്ചയെപ്പററി ഡോക്ടർ ഭാസ്കരൻനായർ ഒരിക്കൽ എന്നോടു പറഞ്ഞിട്ടുണ്ട്: 'ചെറുപ്പക്കാരാ, നിങ്ങളുടെ സയൻസിന് ഒരിക്കലും അറിയാൻ കഴിയാത്ത എത്രയോ ജീവസത്യങ്ങളുണ്ട്. അവ അന്വേഷിച്ചാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്,' എന്നാണത്രേ ഹക്സ്ലി, യൂണിവേഴ്സിററി കോളേജിൽ ഒരു പ്രസംഗത്തിന് അദ്ദേഹത്തെ ക്ഷണിച്ച പ്രഫസർ ഭാസ്കരൻനായരോടു പറഞ്ഞത്.

സയൻസിലുള്ള അപാര പാണ്ഡിത്യവും ആത്മവിദ്യയിലുള്ള അഗാധ വിശ്വാസവും, പരസ്പരോപമർദ്ദം കൂടാതെ, ഡോക്ടർ ഭാസ്കരൻനായരിൽ സഹവർത്തിച്ചുവന്നതെങ്ങിനെ എന്നു ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. ആത്മാവിന്റെ നിത്യ—ശുദ്ധ--ബുദ്ധ-മുക്തസ്വഭാവത്തെ മാത്രമല്ല, ഭൂതപ്രേതാദികളുടെ നിശ്ചിതമായ സത്തയെക്കൂടി ഉൾക്കൊള്ളുമാറ് വിശാലമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഈ വിശ്വാസംതന്നെയാവാം അദ്ദേഹത്തെ പുട്ടപർത്തിയിലെ സായിബാബയുടെ പാദമൂലങ്ങളിൽ കൊണ്ടെത്തിച്ചതും. ബാബ, ഭാസ്കരൻനായരെ സംബന്ധിച്ചിടത്തോളം, 'ശുദ്ധം പരം ബ്രഹ്മമനുഷ്യലിംഗം' (മനുഷ്യരൂപത്തിലുള്ള പരബ്രഹ്മം) തന്നെ ആയിരുന്നു. ഈ വിശ്വാസം അദ്ദേഹം വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പിച്ചു. തിരുവനന്തപുരത്തെ സായി ബാബാ ഭക്തസമിതിയുടെ ഭജനങ്ങളിലും ആരാധനകളിലും അദ്ദേഹം മുടങ്ങാതെ പങ്കുകൊണ്ടുവന്നു. താൻ ദിവസേന ലളിതാസഹസ്രനാമം ജപിക്കുന്നുണ്ടെന്ന് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്;

കേവലമായ ആത്മാനന്ദത്തിലേക്കു നയിക്കുന്ന വിശുദ്ധമായ ഒരു സാധനയായിട്ടാണ് അദ്ദേഹം സാഹിത്യത്തെ നിരീക്ഷിച്ചിരുന്നത്. യുക്തിബോധത്തിന്റെ സീമയിൽപ്പെടുന്നത് സാഹിത്യത്തിന്റെ (കലയുടെ) ഒരംശം മാത്രമാണെന്നും, അതിന്റെ പ്രധാനമായ പ്രയോജനം സങ്കല്പ വികല്പങ്ങൾക്ക് അപ്പുറത്തുള്ള പരാത്പരമായ ചിത്തിലേക്ക് സഹൃദയനെ പ്രവേശിപ്പിക്കുകയാണെന്നും അദ്ദേഹം വിശ്വസിക്കുകയും, ഗദ്യരചനയിലുള്ള തന്റെ എല്ലാ സിദ്ധികളുമുപയോഗിച്ച് ഈ സിദ്ധാന്തം ആവർത്തിച്ചാവർത്തിച്ചു സ്ഥാപിക്കുകയും ചെയ്തു. കവിതയുടെ അവ്യാഖ്യേയമായ സൗന്ദര്യത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ പ്രതിപാദനങ്ങൾ പ്രസിദ്ധങ്ങളാണ്. തനിക്ക് ഏററവും പ്രിയപ്പെട്ടവയായിരുന്ന സി. വി. രാമൻപിള്ളയുടെ ചരിത്രനോവലുകളെ തിരുവിതാംകൂർ രാജകുടുംബത്തിന്റെയോ, അതിന്റെ ആജന്മവൈരികളായിരുന്ന എട്ടുവീട്ടിൽപ്പിള്ളമാരുടെയോ, ഐഹിക ജീവിതവിവരണങ്ങളെന്ന നിലയിൽനിന്ന് ഉയർത്തി, മനുഷ്യാത്മാവിന്റെ അപരിഹാര്യമായ ദുരന്തത്തിന്റെ, ദാക്ഷിണ്യ

മില്ലാത്ത ദൈവനീതിയുടെ, ആഖ്യാനങ്ങളെന്ന നിലയിൽ സമാരാധ്യമായ ഉന്നതസിംഹാസനത്തിൽ ലോകസാഹിത്യത്തിലെ മികച്ച ഏതാനും കൃതികൾക്കൊപ്പം അതുല്യമായ ഉപപാദനപാടവത്തോടെ അദ്ദേഹം പ്രതിഷ്ഠിക്കുമ്പോൾ, മലയാള വിമർശനത്തിന്റെ അത്യുദാത്തങ്ങളായ ചില സിദ്ധികളെ നാം അവിടെ കണ്ടെത്തുന്നു.

ശാസ്ത്രജ്ഞനും എഴുത്തുകാരനുമെന്ന നിലകളിലെന്നപോലെ വിദ്യാഭ്യാസപ്രവർത്തകനെന്ന നിലയിലും ഡോക്ടർ ഭാസ്കരൻനായർ ഉയർന്നു നിന്നു. പ്രൊഫസർ , പ്രിൻസിപ്പാൾ, കോളേജ് വിദ്യാഭ്യാസത്തിന്റെ ഡയറക്ടർ എന്നീ പദവികൾ പ്രാഗത്ഭ്യത്തോടെ അദ്ദേഹം വഹിച്ചു. ഡയറക്ടറെന്ന നിലയിൽ സാഹിത്യ അക്കാദമിയുടെ എക്സ് ഒഫീഷ്യോ സെക്രട്ടറിയായിരുന്ന ഡോക്ടർ ഭാസ്കരൻനായർ ആ സ്ഥാപനത്തിന്റെ അന്തസ്സ് ഉയർത്തുന്നതിനു തന്റേതായ മികച്ച സംഭാവന നല്കി.

തിരക്കേറിയ പൊതുജീവിതത്തിനിടയിലും, ആഴത്തിൽ ചിന്തിക്കുന്ന ഒരു എഴുത്തുകാരൻ അവശ്യം അനുഭവിക്കേണ്ടതായ ഒരുതരം ഏകാന്തത അദ്ദേഹത്തെ വലയം ചെയ്തിരുന്നതായി തോന്നി. തിരുവനന്തപുരത്തെ വരേണ്യസമൂഹത്തിൽ അദ്ദേഹത്തിനു നന്നെ കുറച്ചേ സ്നേഹിതന്മാരുണ്ടായിരുന്നുള്ളു. തലസ്ഥാനനഗരിയിൽ, ഉയർന്ന നിലയിൽത്തന്നെ, വളരെക്കാലം ജീവിച്ചിട്ടും, പലരും ചെയ്തു കണ്ടിട്ടുള്ളതുപോലെ അദ്ദേഹം അവിടെ സ്വന്തമായ ഒരു വീടുപോലും നേടുകയുണ്ടായില്ല. സർവീസിൽനിന്ന് വിരമിച്ച ശേഷം, ഭരണരംഗത്തോ, വിദ്യാഭ്യാസരംഗത്തോ, അദ്ദേഹം ആർജിച്ചിരുന്ന തെളിയിക്കപ്പെട്ട വൈദഗ്ദ്ധ്യത്തെ ഉപയോഗപ്പെടുത്തുവാൻ കേരളത്തിലെ ഗവർണ്മെന്റ് താല്പര്യം കാണിച്ചില്ല. ഇതിന് അപവാദമായി ചൂണ്ടിക്കാണിക്കാനുള്ളത്, മലയാളം ടൈപ്പ്റൈറ്റർ യന്ത്രത്തിലെ ലിപികളുടെ രൂപകല്പന ചെയ്യുന്നതിൽ അദ്ദേഹത്തിന്റെ സേവനം ഉപകരിച്ചുവെന്ന ഒറ്റെറ വസ്തുത മാത്രമാണ്. റിട്ടയർ ചെയ്തശേഷം തിരുവനന്തപുരത്തും, പിന്നീട് കണ്ണൂരിലും താമസിച്ച് അദ്ദേഹം ജനസംഖ്യാനിയന്ത്രണത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്ന ബോംബെയിലെ ഒരു അനൗദ്യോഗിക സംഘടനയ്ക്കുവേണ്ടി ഏതാനും ലഘുലേഖകൾ രചിക്കുകയും,' ജനനനിയന്ത്രണ പ്രവർത്തകർക്കുവേണ്ടി' ക്ലാസ്സുകൾ നടത്തുകയുമാണ് മുഖ്യമായി ചെയ്തത്. കേരളത്തിന്റെ ഉത്തരഭാഗത്ത് കണ്ണൂരിൽ ഡോക്ടർ ഭാസ്കരൻനായർ താമസമുറപ്പിച്ചത് ആ ഭാഗങ്ങളിലെ സാംസ്കാരികപ്രവർത്തനങ്ങൾക്ക് ഗണ്യമായ ഉത്തേജനം നല്കുകയുണ്ടായി. എങ്കിലും ഇക്കഴിഞ്ഞ പതിനഞ്ചിലേറെ വർഷങ്ങളിൽ കേരളത്തിലെ സമകാല രാഷ്ട്രീയകാലാവസ്ഥയോടു പൊരുത്തപ്പെടുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവോ എന്നു സംശയമാണ്. രാഷ്ട്രീയ കാലവസ്ഥയെന്നപോലെ സാഹിത്യകാലാവസ്ഥയും അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. സമൂഹത്തിലെ ധർമക്ഷയവും സാഹിത്യത്തിലെ മൂല്യക്ഷയവും അദ്ദേഹം നിസ്സഹായനായി, ഹൃദയവ്യഥയോടെ, നോക്കിക്കണ്ടു. അന്തസ്സാരമുള്ള പ്രൗഢഗ്രന്ഥങ്ങളിൽനിന്ന് ഇക്കിളിയുണർത്തുന്ന തുച്ഛഗ്രന്ഥങ്ങളിലേക്ക് വഴുതിപ്പോകുന്ന പൊതുജനാഭിരുചി അദ്ദേഹത്തെ ദുഃഖാകുലനാക്കിയിരുന്നു.

ഡോക്ടർ ഭാസ്കരൻനായരുമായി ബന്ധപ്പെട്ട എത്രയോ മധുരസ്മരണകൾ എനിക്കുണ്ട്. തിരുവനന്തപുരത്ത് മ്യൂസിയത്തിനടുത്ത് ബെയിൻസ് കോമ്പൗണ്ടിലെ വാടകവീട്ടിൽചെന്ന് പലകുറി ഞാൻ അദ്ദേഹത്തെ സന്ദർശിച്ചിട്ടുണ്ട്. എന്റെ ദീർഘമായ പത്രപ്രവർത്തനജീവിതത്തിൽ അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ സഹകരണം എനിക്ക് എന്നും ലഭിച്ചിട്ടുമുണ്ട്. പല പൊതുരംഗങ്ങളിലും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനും എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്.

മലയാള ഗദ്യസാഹിത്യത്തെ ആധുനികീകരിക്കുന്നതിലും, അതിനു വൈജ്ഞാനികമായ ഉള്ളടക്കവും ഊർജിതവും സൗന്ദര്യവും നല്കുന്നതിലും ഡോക്ടർ ഭാസ്കരൻനായർ നൽകിയ അതുല്യമായ സംഭാവനയ്ക്ക് കേരളീയർ അദ്ദേഹത്തോടു കൃതജ്ഞരായിരിക്കേണ്ടതാണ്.

അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ എന്റെ അന്തിമ പ്രണാമം!

9 ജൂൺ, 1982

## 90. സുബ്രഹ്മണ്യ ഭാരതി

മഹാകവി സുബ്രഹ്മണ്യഭാരതി പിറന്നിട്ട് നൂറുവർഷം തികയുന്നതു 1982 ഡിസംബറിലാണ്. എന്നാൽ, ദേശീയതലത്തിൽ ഭാരതി ശതാബ്ദ്യാഘോഷങ്ങൾ 1981 ഡിസംബറിൽത്തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

തമിഴ്നാട്ടിൽ നവോത്ഥാനത്തിന്റെ പ്രഘോഷകനായിരുന്നു മഹാകവി ഭാരതി. മുപ്പത്തൊമ്പതു വർഷമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. ഈ ഹ്രസ്വമായ കാലയളവിൽ സ്വാതന്ത്ര്യസമര സേനാനി, പത്രാധിപർ, സാമൂഹ്യപരിഷ്കാരവാദി, വിപ്ലവകവി, ഗദ്യകാരൻ, പ്രാസംഗികൻ, വേദാന്തി അങ്ങനെ എത്രയോ ഭൂമികകളിൽ അനുപമമായ വൈദഗ്ധ്യത്തോടെ അദ്ദേഹം ശോഭിക്കുകയുണ്ടായി.

സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള തമിഴ്ക്കവിത അദ്ദേഹത്തിന്റെ കൈയിൽ അത്ഭുതാവഹമാംവിധം പരിവർത്തനം നേടി. താളമിട്ട് വ്യത്യസ്ത രാഗങ്ങളിൽ പാടാനുള്ളവയായിരുന്നു അദ്ദേഹത്തിന്റെ ഭാവഗാനങ്ങളധികവും. അഗ്നിദ്രവംപോലെ അവ ശ്രോതാക്കളുടെ രക്തത്തിൽ നേരിട്ടു പ്രവേശിക്കുകയും, അവരുടെ ഹൃദയങ്ങളെ വികാരജ്ജ്വലിതങ്ങളാക്കുകയും ചെയ്തു. ആ കവിതയിൽ തമിഴ്നാട്ടിലെ സാധാരണ ജനങ്ങൾ സ്വന്തം ശബ്ദം തിരിച്ചറിഞ്ഞു. അവരുടെ നിത്യജീവിതഭാഷ-പക്ഷേ, ഓരോ പദത്തിനും എന്തു മൂർച്ച, എന്തു മുഴക്കം, എന്ത് പ്രകാശം! ആ കവിതയുടെ ബാഹ്യരൂപംതന്നെ തമിഴരുടെ ഹൃദയങ്ങളെ ദ്രവിപ്പിക്കുകയും വികസിപ്പിക്കുകയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നതിനു പര്യാപ്തമായിരുന്നു.

അതിന്റെ ഉള്ളടക്കമോ? ഇന്ത്യയുടെ ഭൂതകാല മഹിമയും വർത്തമാനകാല വൈവശ്യങ്ങളും ഭാവിഭാഗധേയങ്ങളും ഊടും പാവുമായി നെയ്തെടുത്തതായിരുന്നു അദ്ദേഹത്തിന്റെ ഓരോ ഗാനവും. വൈദിക ഋഷികളുടെ അനശ്വരസൂക്തങ്ങളുടേയും പതഞ്ജലി, ബാദരായണൻ മുതലായ ദാർശനികരുടെ ഗഹനസൂത്രങ്ങളുടെയും രാമായണ മഹാഭാരതങ്ങളിലെ ലളിതപദ്യങ്ങളുടെയും ക്ലാസ്സിക്കൽ തമിഴ് കവിതയുടെയും ഇംഗ്ലീഷ്-ഫ്രഞ്ച് റൊമാൻറിക് സാഹിത്യത്തിന്റെയും ഗംഭീരങ്ങളായ പ്രതിധ്വനികൾ അദ്ദേഹത്തിന്റെ അയത്നസുന്ദരങ്ങളായ ഗാനങ്ങളിൽ നീണ്ടുനീണ്ടു പോകുന്ന അനുരണനങ്ങൾ സൃഷ്ടിച്ചു. ശ്രോതാക്കളുടെ ചെവിയിലും മനസ്സിലും ആത്മാവിലും അവ വേലിയേററങ്ങൾ സൃഷ്ടിച്ചുവന്നു. നൂററാണ്ടുകൾക്കിടയ്ക്ക് വല്ലപ്പോഴുമൊരിക്കൽമാത്രം ആവിർഭവിക്കുന്ന ഒരത്ഭുതം പോലെയായിരുന്നു ഭാരതിയുടെ കാവ്യജീവിതം. തമിഴ്പ്രതിഭയ്ക്ക് അതുപോലൊരു വസന്തം വേറെ ഉണ്ടായിട്ടില്ല. മററു ഭാഷാ പ്രദേശങ്ങളിലും അപൂർവമായി മാത്രമേ അതു് ഉണ്ടായിട്ടുള്ളു.

തിരുനെൽവേലി ജില്ലയിൽ എട്ടയാപുരം എന്ന ഗ്രാമത്തിലാണ് സുബ്രഹ്മണ്യഭാരതി പിറന്നതു്. ഹാരീതഗോത്രത്തിൽപ്പിറന്ന ഒരു ബ്രാഹ്മ